# Malayala Manorama
# 27 August 2018
# Thodupuzha, Idukki Dam, Water Level

## ഇടുക്കി ജലനിരപ്പ് 2398.82 അടി

തൊടുപുഴ • ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഇന്നലെ വൈകിട്ട് അഞ്ചിന് 2398.82 അടിയിലെത്തി. ചെറുതോണി അണക്കെട്ടിന്റെ മൂന്നു ഷട്ടറുകളിലൂടെ ഇപ്പോൾ സെക്കൻഡിൽ 1.16 ലക്ഷം ലീറ്റർ വെള്ളമാണു തുറന്നുവിടുന്നത്.

ഇന്നലെ രാവിലെ ഏഴിന് അവസാനിച്ച 24 മണിക്കൂറിൽ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് മഴ ലഭിച്ചില്ല. മൂലമറ്റം വൈദ്യുതനിലയത്തിൽ 14.945 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചു.